**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3103** **25-10-2021 - ൽ മറുപടിയ്ക്ക്**

**ടൂറിസം മേഖലയിൽ കോവിഡ് സഹായ പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ** | | **Shri P. A. Mohamed Riyas**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ടൂറിസംമേഖലയിൽ ജോലിചെയ്യുന്നവർക്ക് എന്തെങ്കിലും പുതിയ കോവിഡ് സഹായ പാക്കേജ് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (എ) | കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ടൂറിസം മേഖലയെ സഹായിക്കുന്നതിനുള്ള പാക്കേജിനായി 2021-22 ലെ പുതുക്കിയ ബഡ്ജറ്റിൽ 30 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതിന്റെ ഭാഗമായി കോവിഡ് മൂലം പ്രതിസന്ധിയിലായ ടൂറിസം മേഖലയിലെ തൊഴിലാളികളെയും ചെറുകിട സംരംഭകരെയും ഉത്തരവാദിത്ത ടൂറിസം മിഷൻ യൂണിറ്റുകളെയും, ഗൈഡുകളെയും സാമ്പത്തികമായി സഹായിക്കുന്നതിനായി 'റിവോൾവിംഗ് ഫണ്ട് പദ്ധതി' നടപ്പാക്കാൻ സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾക്കായി 10 കോടി രൂപ അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. അംഗീകൃത ടൂറിസം സംഘടനകളിൽ അംഗമായിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാർക്കും. ഉത്തരവാദിത്തടൂറിസം മിഷൻ കീഴിലുള്ള യൂണിറ്റുകൾക്കും വ്യക്തികൾക്കും, അംഗീകൃത ഗൈഡുകൾക്കും പലിശയോ ഈടോ ഇല്ലാതെ 10,000/- രൂപ വീതം വായ്പ അനുവദിക്കുന്ന പദ്ധതിയാണിത്. |

സെക്ഷൻ ഓഫീസർ